സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

18.06.2020

# തൃപ്രയാർ പാലം–അനുബന്ധ റോഡ്

സമർപ്പണം :

ജില്ലാ കളക്ടർ, തൃശ്ശൂർ






**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി. ഒ., കോതമംഗലം - 686 666
ഫോൺ : 9446510628
www.ysso.net, email: ysso95@gmail.com

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമരേഖ

## തൃപ്രയാർപാലം & അനുബന്ധ റോഡ്

ജില്ല : തൃശ്ശൂർ

താലൂക്ക് : ചാവക്കാട്, തൃശ്ശൂർ

വില്ലേജ് : നാട്ടിക, താന്ന്യം

സമർപ്പണം

**ജില്ലാ കളക്ടർ, തൃശ്ശൂർ**

**സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.) ജനറൽ**

**പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം),**

**എറണാകുളം**

SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം – 686 666
ഫോൺ : 0485 2971222, 9446510628
email: ysso95@gmail.com

यूत्त सोष्यल सरवीस ओरगैनैसेषन

सोष्यल सरवीस सेन्टर

एं.ए. कालेज पी.ओ.,कोतमंगलम - 686 666,कोच्ची,केरला, इन्ड्या

Ph: 9446510628 | 0485 2971222 | 9645994000

YSSO

Serving Humanity

**Youth Social Service Organization**

Social Service Center

M.A College P.O, Kothamangalam - 686 666, Cochin,Kerala

9446510628 | 0485 2971222 | 9645994000

www.ysso.net | ysso95@gmail.com

Executive Director

Fr. Jose Paruthuvayalil


# സാക്ഷ്യപത്രം

കേരളാ ഗസറ്റ് വിജ്ഞാപനം നമ്പർ DCTSR/5045/2018-E4 തീയതി 24/04/2020 പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം തൃപ്രയാർ പാലം & അനുബന്ധ റോഡ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, പദ്ധതിക്ക് ആസ്പദമായുള്ള സാമൂഹ്യപ്രത്യാഘാത പഠനം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് (LA) ജനറൽ, തൃശ്ശൂരിൽ നിന്നും പൊതുമരാമത്ത് പാലങ്ങൾ എറണാകുളത്ത് ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെ എസ്.ഐ.എ. യൂണിറ്റ് പദ്ധതി ഭാഗത്തെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും തൽപരകക്ഷികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾ രേഖകൾ പരിശോധന നടത്തേണ്ടതാകുന്നു.

ചെയർമാൻ

എസ്.ഐ.എ. യൂണിറ്റ്.

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

തൃശ്ശൂർ,

18-06-2020.

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG:112/95
KOTHAMANGALAM

FORM NO.6

**[See Rule 15(5)]**

# തൃപ്രയാർപാലം & അനുബന്ധ റോഡ്

## അദ്ധ്യായം 1: നിറവേറ്റേണ്ട ചുമതലകളുടെചുരുക്കം

1.1. ആമുഖം : പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതരമാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘുകരിക്കുന്നതിനുള്ള നടപടികളും

## അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതിയുടെപശ്ചാത്തലവുംയുക്തിയും

2.2 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം ചെലവ് മുതലായവ

2.3 പദ്ധതിയുടെ അടിസ്ഥാനം

2.4 പരിഗണിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങൾ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 തൊഴിലാളിയുടെ ആവശ്യകത

2.7 ഗതാഗത അനുബന്ധസൗകര്യങ്ങളുടെ ആവശ്യകത

2.8 പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.9 പരിസ്ഥിതി ആഘാത പഠന വിവരങ്ങൾ

2.10 മുമ്പ് നടത്തിയപഠനങ്ങൾ

2.11 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

## അദ്ധ്യായം 3 : ടീമിനെ രൂപീകരിക്കുന്നതിനുള്ളസമീപനം, സമ്പ്രദായം സാമൂഹ്യആഘാത പഠനത്തിന്റെസമയക്രമം, പശ്ചാത്തലം

3.1 പശ്ചാത്തലം

3.2 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

3.3 സാമൂഹിക പ്രത്യാഘാതവിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

3.4 ഡെസ്ക്റിസർച്ച്

3.5 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ളവിവരങ്ങൾ

3.6 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

3.8 തൽപ്പരകക്ഷികളുമായുള്ള കൂടിആലോചനകളുടെ വിവരങ്ങൾ

3.9 നടത്തിയിട്ടുള്ള പൊതുവിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യനിർണ്ണയം**

4.1 പശ്ചാത്തലം - വസ്തുവിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.3 പദ്ധതിക്കാവശ്യമായ ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

4.5 പൊതു ഭൂമിയുടെആവശ്യകത

4.6 പദ്ധതിക്കായി വില കൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി

4.7 ഭൂപ്രകൃതി, നിലവിലുള്ള ഉപയോഗം, ഭൂമിയുടെ ഘടന

4.8 ഉടമസ്ഥതയുടെ സ്വഭാവം

4.9 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

4.10 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

**അദ്ധ്യായം 5 : അനുമാനക്കണക്കും ബാധിക്കുന്ന കുടുംബങ്ങളുടേയും വസ്തുക്കളുടെയും എണ്ണം**

5.1 ആമുഖം

5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

5.3 പദ്ധതിയുടെ പരോക്ഷഫലങ്ങൾ

5.4 പട്ടികവർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനവാസികളുടെയും കുടുംബം.

5.5 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾ

5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ഏതെങ്കിലും ക്ഷേമ പദ്ധതിയുടെ ഭാഗമായിലഭിച്ച കുടുംബങ്ങളാണോ

5.7 ഏറ്റെടുക്കലിന് മൂന്നുവർഷമോ മുമ്പ് നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

5.8 ഏറ്റെടുക്കൽ സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

**അദ്ധ്യായം 6 : സാമൂഹ്യ, സാമ്പത്തിക, സംസ്ക്കാരിക അവസ്ഥ**

6.1 പശ്ചാത്തലം

6.2 കുടുംബ വിവരങ്ങൾ

6.3 മതവിഭാഗം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാതലഘൂകരണ പദ്ധതി നിർവ്വഹണ ആസൂത്രണം**

7.1 ആഘാതംകുറക്കുന്നതിനുള്ളസമീപനം

7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

7.5 പ്രത്യാഘാതലഘൂകരണ നടപടികൾ

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതദുരീകരണ ബഡ്ജറ്റ്**

9.1 പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

**അദ്ധ്യായം 10 : സാമൂഹ്യ പ്രത്യാഘാതദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യ നിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം–രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളുംകോട്ടങ്ങളും അപഗ്രഥനം, ഭൂമിഏറ്റെടുക്കൽ സംബന്ധി ക്കുന്ന നിർദ്ദേശം**

11.1 അന്തിമ ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

**സംഗ്രഹം**

**നന്ദി, കടപ്പാട്**

## പട്ടികകൾ


പട്ടിക 3.2 പദ്ധതി ബാധിത പ്രദേശത്തെ വിവരങ്ങൾ

പട്ടിക 4.1 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം

പട്ടിക 4.3 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

പട്ടിക 6.2.1 കുടുംബ വരുമാനം

പട്ടിക 6.2.2 വയസ്സുതിരിച്ചുള്ള വിവരം

പട്ടിക 6.2.3 വിവാഹിതർ/ അവിവാഹിതർ/ വിധവകൾ

പട്ടിക 6.2.4 പദ്ധതി ബാധിത ജനങ്ങളുടെ വിദ്യാഭ്യാസം

പട്ടിക 6.2.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ

പട്ടിക6.2.6 റേഷൻ കാർഡിന്റെ തരംതിരിവ്

# അനുബന്ധങ്ങൾ

| | |
|---|---|
| അനുബന്ധം 1 (a) | ഗസറ്റ് വിജ്ഞാപനം |
| അനുബന്ധം 1 (b) | വിജ്ഞാപനം (ഇംഗ്ലീഷ്) |
| അനുബന്ധം 1 (c) | ഡ്രാഫ്റ്റ് പബ്ലിഷിംഗ് കോപ്പി |
| അനുബന്ധം 2 | അഭിമുഖ പ്രശ്നോത്തരി |
| അനുബന്ധം 3 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് വ്യക്തികൾക്കുള്ള നോട്ടിഫിക്കേഷൻ (മാധ്യമം, മെട്രോ വാർത്ത) |
| അനുബന്ധം 4 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് ആഘാത ബാധിത കുടുംബങ്ങൾക്കും കമ്പനികൾക്കും നൽകിയ നോട്ടീസ് |
| അനുബന്ധം 5 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ ലിസ്റ്റ് |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 ആമുഖം : പദ്ധതിയും ലക്ഷ്യങ്ങളും

തൃശ്ശൂർ ജില്ലയിലെ തൃപ്രയാർ പാലം & അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നാട്ടിക പഞ്ചായത്തിന്റെയും താന്ന്യം പഞ്ചായത്തിന്റെയും പരിധിയിലാണ് പദ്ധതി വരുന്നത്.

തൃശ്ശൂർ നഗരത്തിന്റെ തെക്ക് - പടിഞ്ഞാറ് ഭാഗത്ത് ഗുരുവായൂർ - കൊടുങ്ങല്ലൂർ ദേശീയപാതയുടെ (ദേശീയപാത-17) മദ്ധ്യത്തിലാണ് തൃപ്രയാർ സ്ഥിതി ചെയ്യുന്നത്. തൃപ്രയാർ പുഴയുമായി ബന്ധപ്പെട്ടാണ് തൃപ്രയാർ നാമം രൂപം കൊണ്ടത്. കൊട്ടാരം പുഴയുടെ തീരത്തായിരുന്നതിനാൽ തീവ്ര നദിയെന്നും ഇത് അറിയപ്പെടുന്നു. പ്രശസ്തമായ തൃപ്രയാർ ക്ഷേത്രം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. നാലമ്പലദർശനത്തിൽപ്പെടുന്ന പ്രസിദ്ധമായ ഒരു ശ്രീരാമക്ഷേത്രമാണിത്. കനോലിക്കനാലിന്റെ കരയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. നാലമ്പലദർശനം, തൃപ്രയാർ ഏകാദശി, മകയിരംപുറപ്പാട് എന്നീ ഉത്സവങ്ങൾക്ക് ജനങ്ങൾ കൂട്ടമായി വരുന്നത് ഈ പാലത്തിലൂടെയാണ്. വിവിധ സ്ഥലങ്ങളിൽ നിന്നുവരുന്ന ജനങ്ങൾക്ക് തൃപ്രയാർ ക്ഷേത്രത്തിലെത്താനുള്ള ഏകമാർഗ്ഗം ഈ പാലമാണ്.

ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്ന് ഏകദേശം 23 കിലോമീറ്റർ അകലെയാണ് തൃപ്രയാർ. ചേർപ്പ്, അമ്മാടം, തൃപ്രയാർ എന്നീ ഭാഗങ്ങളിൽ നിന്നുള്ള തീർത്ഥാടകർക്ക് തൃശ്ശൂർ പട്ടണത്തിൽ കയറാതെ തൃപ്രയാർ പാലത്തിലൂടെ ഗുരുവായൂർ ക്ഷേത്രത്തിൽ പോകാൻ കഴിയുന്നതിനാൽ, ഏകദേശം 30 കിലോമീറ്റർ ദൂരം ലാഭിക്കുവാൻ കഴിയുന്നു.

കേരളത്തിലെ പ്രസിദ്ധമായ കൊടുങ്ങല്ലൂർ ക്ഷേത്രത്തിലേക്കും ചേരമാൻ ജുമാമസ്ജിദ് പള്ളിയിലേക്കും തൃപ്രയാർ ഭാഗത്തെ ജനങ്ങൾക്ക് തൃശ്ശൂർ പട്ടണത്തിലൂടെയുള്ള ദീർഘയാത്ര ഒഴിവാക്കി, ഈ പാലത്തിലൂടെ എത്താൻ കഴിയും. തോടുകളും കുളങ്ങളും നെൽപ്പാടങ്ങളും അടങ്ങിയതാണ് താന്ന്യം, നാട്ടിക പഞ്ചായത്ത്. തൃപ്രയാർ പുഴയോരം ചേർന്നു കിടക്കുന്ന ഗ്രാമങ്ങളാണിത്.

പഴയ NH-17 നേയും പുതിയ NH-66-നേയും തൃശ്ശൂർ പട്ടണത്തിൽ വച്ച് ബന്ധിപ്പിക്കുന്ന തൃശ്ശൂർ ജില്ലയിലെ ഒരു പ്രധാന പാതയാണ് തൃപ്രയാർ റോഡ്. ശ്രീരാമക്ഷേത്രവുമായി ബന്ധപ്പെട്ട ഒരു തീർത്ഥാടന പട്ടണമാണ് തൃപ്രയാർ. ഏകാദശി, നാലമ്പലദർശനം, ആറാട്ടുപുഴ പൂരം എന്നീ ഉത്സവ മുഹൂർത്തങ്ങളിൽ ധാരാളം തീർത്ഥാടകർ പങ്കെടുക്കുന്നു. ആയതിനാൽ ഗതാഗതത്തിരക്ക് ഈ റോഡിൽ വളരെ കൂടുതലാണ്. പ്രസ്തുത വസ്തുതകളെല്ലാം കണക്കിലെടുക്കുമ്പോൾ, ഒരു സമാന്തരപാലം അത്യാവശ്യമാണ്.

മതിയായ പൊതുഗതാഗത സംവിധാനത്തിന്റെ അഭാവവും, വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും ഗതാഗത സംബന്ധമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ ഗതാഗത കുരുക്കിനെ ഗണ്യമായി കുറക്കാൻ ഉതകും വിധത്തിലുള്ള സംവിധാനമാണ് തൃപ്രയാർ പാലം & അനുബന്ധ റോഡ് പദ്ധതി. മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുവഴി സമയലാഭവും മികച്ച യാത്രാസൗകര്യങ്ങൾ നൽകുന്നതിനോടൊപ്പം സാമൂഹ്യവും സാമ്പത്തികവുമായ വളർച്ച കൈവരിക്കുന്നതിന് പ്രത്യേകം സഹായിക്കുന്നു. തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതോടൊപ്പം വാർഷിക വരുമാനത്തിലും വ്യവസായിക വികസനത്തിനും ഈ പദ്ധതി സഹായകമാകുന്നു.

ഗ്രാമങ്ങളുടെ വികസനഘട്ടത്തിൽ, യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിച്ച്, ഒറ്റപ്പെടൽ ഇല്ലായ്മ ചെയ്യേണ്ടത് ആവശ്യമാണ്. റോഡുകളും പാലങ്ങളും ഗ്രാമങ്ങളെ പട്ടണങ്ങളും മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. പദ്ധതി നിർമ്മാണത്തിലൂടെ ഗ്രാമനിവാസികളുടെ സഞ്ചാരം അനായാസമാക്കുകയും സാമൂഹ്യ, സാമ്പത്തിക വികസനം എത്തുകയും ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനത്തിന്റെ സുരക്ഷിതവും, സുഗമവുമായ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്. പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും.

പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ടപദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1.2 സ്ഥലം

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട 0.0832 ഹെക്ടർ സ്ഥലമാണ് തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. നാട്ടിക പഞ്ചായത്തിലെ 8-ാം വാർഡിന്റെ പരിധിയിലും താന്ന്യം പഞ്ചായത്തിലെ 17, 18 വാർഡിന്റെ പരിധിയിലുമാണ് പദ്ധതി വരുന്നത്. ഈ പ്രദേശത്ത് തുറസ്സായ ഭൂമിയും, പൊതുഭൂമിയും ഉൾപ്പെടുന്നു.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 0.0832 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. വാഹനം ഓടിച്ച് വരുന്ന യാത്രക്കാർക്കും കാൽനടക്കാർക്കും എതിരെ വരുന്ന വാഹനങ്ങൾ കാണാൻ പറ്റാത്ത വിധത്തിൽ ഒരു വളവ് അവിടെ നില നിൽക്കുന്നുണ്ട്. ഇവിടെ അപകടം സ്ഥിരകാഴ്ചയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിന് ഒക്കെ പരിഹാര മാർഗ്ഗമാണ് ഈ പുതിയ പാലം. അതുപോലെ തന്നെ ഭാവിയിലെ ടൂറിസ്റ്റ് വികസനത്തിനും വഴി ഒരുക്കുന്നു.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 2. | ശബ്ദം, അന്തരീക്ഷ മലിനികരണം, ജലമലിനി കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 3. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 4. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 5. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

തൃപ്രയാർ പാലം & അനുബന്ധ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയലക്ഷ്യങ്ങളും, ചിലവ് മുതലായവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 0.0832 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

ശ്രീരാമക്ഷേത്രവുമായി ബന്ധപ്പെട്ട് തൃപ്രയാർ ഒരു തീർത്ഥാടന പട്ടണമാണ്. തൃപ്രയാർ ഏകാദശി, നാലമ്പല ദർശനം, ആറാട്ടുപുഴ പൂരം എന്നീ ഉത്സവങ്ങളിൽ പങ്ക് ചേരാൻ ധാരാളം തീർത്ഥാടകർ എത്താറുണ്ട്. ആയതിനാൽ ഗതാഗത സാന്ദ്രത ഈ റോഡിൽ വളരെ കൂടുതലാണ്. കൊടുങ്ങല്ലൂരിലും തൃശ്ശൂരിലും കൂടി എറണാകുളവുമായി ബന്ധപ്പെട്ട ഒരു പ്രധാന കച്ചവടകേന്ദ്രമാണ് തൃപ്രയാർ പട്ടണം. ആയതിനാൽ, SH-22നേയും കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡിനേയും, NH-66നേയും വാടപ്പിള്ളി - കൻജാനി - തൃശൂർ റോഡിനേയും ബന്ധിപ്പിക്കുന്ന ചേർപ്പ് - തൃപ്രയാർ റോഡിലുള്ള നിലവിലെ പാലം 2 കിലോമീറ്റർ മദ്ധ്യത്തിലാണ് സ്ഥിതി ചെയ്യുന്ത്. അതുകൊണ്ട് ഉത്സവകാലത്തെ പ്രധാനഗതാഗതക്കുരുക്ക് ഈ പാലത്തിലാണ്. ആയതിനാൽ ഈ വഴിയുടെ വീതി കൂട്ടൽ അത്യാവശ്യമാണ്. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ, ഒരു പാലം വളരെ അത്യാവശ്യമാണ്.

പ്രദേശത്തിന്റെ കൃഷി, വ്യവസായം, വിനോദസഞ്ചാരം എന്നിവ മെച്ചപ്പെടുത്തുവാൻ ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

കൂടുതൽ യാത്രാസൗകര്യവും, ഭൂമിവിലയുടെ വർദ്ധനവും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനങ്ങളാണ്. മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ, വഴിയും സമയവും ലാഭിപ്പിക്കുകയും, വ്യവസായ സ്ഥാപനങ്ങൾ പോഷിപ്പിക്കപ്പെടുകയും, ഈ പ്രദേശത്ത് തൊഴിലവസരങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നതിനും സഹായിക്കുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ മൊത്തം ചിലവ് 30 കോടി രൂപയാണ്. പദ്ധതിയ്ക്ക് KIFB അംഗീകാരമുള്ളതാണ്.

## 2.3 പദ്ധതിയുടെ അടിസ്ഥാനം

- 2013ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പ് എറണാകുളത്തിന് കൈമാറാൻ റവന്യു വകുപ്പിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി.

- 2013-ലെ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാതം പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള സർക്കാരിന്റെ 2020 ഏപ്രിൽ 29 ലെ അസാധാരണ ഗസറ്റ് വാല്യം 9 നമ്പർ 1104 വിജ്ഞാപന പ്രകാരം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തി.

- തൃപ്രയാർ പാലം & അനുബന്ധ റോഡ് നിർമ്മാണത്തിന് 0.0832 ഹെക്ടർ സ്ഥലത്താണ് സാമൂഹ്യപ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.

- ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 2013-ലെ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകണമെന്നാണ് ആഘാതബാധിത ആവശ്യപ്പെടുന്നത്.

- സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എൻജിനിയർ, എറണാകുളം അർഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമാണ്.

## 2.4 ഇതര മാർഗ്ഗങ്ങളുടെ പരിശോധന

തൃപ്രയാർ പാലവും അപ്രോച്ച് റോഡും മാത്രമാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതരമാർഗ്ഗങ്ങൾ പരിഗണിക്കുന്നത് തികച്ചും അപ്രസക്തമാണ്.

## 2.5 തൊഴിലാളിയുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിശ്ചിതസമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈദഗ്ദ്ധ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും നിശ്ചിത സമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. ഇതിനായി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ദ്ധ്യമുള്ള എൻജിനിയർമാരും അത്യാന്താപേക്ഷിതമാണ്. ആയതിനാൽ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞാൽ താമസംവിനാ പദ്ധതി പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ

തദ്ദേശീയർക്കും, പുറമേ നിന്നുള്ളവർക്കും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.6 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## 2.7 ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

കേരളത്തിന്റെ ഗതാഗതത്തിന് നല്ലൊരു ശൃഖല തന്നെയുണ്ട്. റോഡ് മാർഗ്ഗം, റെയിൽ മാർഗ്ഗം, വ്യോമ മാർഗ്ഗം, ജല മാർഗ്ഗം എന്നീ ശൃംഖലകളെ സംസ്ഥാനം നല്ല രീതിയിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ എന്നുതന്നെയല്ല, ലോകത്തിലെ തന്നെ മികച്ച വാണിജ്യ- വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. റോഡ് വഴിയുള്ള ഗതാഗതം ചെലവ് കുറഞ്ഞതും എളുപ്പമുള്ളതും ആയതിനാൽ കൂടുതൽ പേരും ഇതിനെ ആശ്രയിക്കുന്നു.

എന്നാൽ ജനസംഖ്യാപെരുപ്പവും വാഹനത്തിന്റെ ആധിക്യവും മൂലം ഗതാഗതക്കുരുക്കുകളും റോഡ് അപകടങ്ങളും ഭയാനകമായ വിധത്തിൽ വർദ്ധിച്ചുവരുന്നു. നിലവിലെ അവികസിത റോഡുകളും ഗതാഗതകുരുക്കുകൾ ഒഴിവാക്കുന്നതിന് പകരം സംവിധാനങ്ങളില്ലാത്തതും നിർദ്ദിഷ്ട പദ്ധതി നിർവ്വഹണത്തിന് വഴി തെളിക്കുന്നു.

### ഗുണനിലവാരം കുറഞ്ഞ ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ അനന്തരഫലം

- ഗതാഗതക്കുരുക്ക്
- പെട്രോൾ, ഡീസൽ, മറ്റ് ഇന്ധനങ്ങൾ മുതലായ പുനർനിർമ്മിക്കുവാൻ കഴിയാത്ത പ്രകൃതി വിഭവങ്ങളെ ശോഷിപ്പിക്കൽ
- വായു/ വെള്ളം/ ശബ്ദ മലിനികരണം
- സമയ നഷ്ടം
- യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും ഉതകുന്ന ബുദ്ധിമുട്ട്
- റോഡ് അപകടങ്ങളും മരണങ്ങളും
- അടിയന്തിരഘട്ടങ്ങളിൽ ആമ്പുലൻസ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ സേവനം യഥാസമയം നൽകുവാനുള്ള ബുദ്ധിമുട്ട്.

## 2.8 പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ഭൂമി ഏറ്റെടുക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാകുന്നതുമായ തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതി കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നതാണ്.

## 2.9 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പൊതുജന ഉപയോഗത്തിനായുള്ള തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതി ആയതിനാൽ സാധാരണ വികസനപ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതികാഘാ തത്തെ അപേക്ഷിച്ച് കൂടുതൽ, സ്വീകാര്യമായ മഹനിയത ലഭിക്കുമെന്ന് തോന്നുന്നു.

## 2.10 മുമ്പ് നടത്തിയ പഠനങ്ങൾ

തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങളൊന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് ഇത്തരത്തിലുള്ള ആദ്യ പഠനം.

## 2.11 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

| ക്രമ നമ്പർ | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നിയമം<br>2005 ലെ വിവരാവകാശ നിയമം<br>വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബ ന്ധിച്ച 2016ലെ ആക്ട് | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

## വിവരാവകാശ നിയമം 2005

പൗരന്മാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനു വേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരന്മാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം, ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകത ആണ്.

### അദ്ധ്യായം 3

# പഠനസംഘം പഠന സമീപനം പദ്ധതി ശാസ്ത്രം

## 3.1 പശ്ചാത്തലം

കേരളാ ഗസറ്റ് വിജ്ഞാപനം നമ്പർ DCTSR/5045/2018-E4തീയതി 24/04/2020 അനുസരിച്ച് തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തത് മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയോഗിച്ചു.

ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു-സ്വകാര്യസ്വത്ത് വകകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി ജില്ലാകളക്ടർക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠന പ്രക്രിയ നടത്തുന്നത്. ഈ പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിച്ചിരിക്കുന്ന രീതിയാണ് അവലംബിച്ചത്.

## 3.2 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ ടീം ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണം ഏകോപനവും നടത്തിയത്. വികസന, നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യു ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, Director, 22 വർഷത്തെSIA യൂണിറ്റിൽ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ,LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്,B.A, വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5 | ജിനു ജോസഫ് | റിസർച്ച് അസോസിയേറ്റ്, B.Com, I.C.W.വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 6 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്,B.A വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

### 3.3 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുന്നത് സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരതയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസകർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.4. ഡെസ്ക് റിസർച്ച്

പഠന സംഘം പ്രസക്തമായ രേഖകൾ റിപ്പോർട്ടുകൾ, പദ്ധതി രൂപരേഖകൾ എന്നിവ വിശദമായി പരിശോധിച്ചു.

## 3.5 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചു.

## 3.6 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പദ്ധതി പ്രദേശവും ആഘാത ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 ഫെബ്രുവരിമാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത പഠന കരടു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### സ്ഥലം എം.എൽ.എ.യുമായി നടത്തിയ കൂടിക്കാഴ്ച



**നാട്ടിക പഞ്ചായത്ത് പ്രസിഡന്റുമായി നടത്തിയ കൂടിക്കാഴ്ച**




**താന്ന്യം പഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പറുമായും നടത്തിയ കൂടിക്കാഴ്ച**



## 3.7 സ്ഥിതി വിവര ക്രോഡീകരണവും പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.















## 3.8 തൽപരകക്ഷികളുമായുള്ള കൂടിആലോചനകളുടെ വിവരങ്ങൾ

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 3.2 ൽ ഉള്ളത്.

| ക്രമ നമ്പർ | വ്യക്തിയുടെ മേൽവിലാസം | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|
| 1. | രഘുനന്ദൻ ഇ.,<br>സ്മൃതി,(H) കിഴുവീട്ടിൽ,<br>അക്കിക്കാവ് പി.ഒ,<br>കുന്നംകുളം, പിൻ 680519, | 734/2 | പദ്ധതി ബാധിത പ്രദേശത്ത് വാഴ ഉൾപ്പെടുന്നു.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>കായ്ക്കുന്ന മാവ്, തെങ്ങ് ഉൾപ്പെടുന്നു. പാലത്തിന്റെ ഉയരം കൂടുന്ന മുറയ്ക്ക് ഇരുപുറവുമുള്ള വീടുകളിലേക്ക് വാഹന സൗകര്യത്തിന് റാമ്പ് സൗകര്യം ഉണ്ടാക്കുക. കൂടാതെ പഴയ പാലം പൊളിച്ചുനിക്കുന്ന മുറയ്ക്ക് സർക്കാർ പുറമ്പോക്ക് ആകുന്ന സ്ഥലം 50 കൊല്ലം മുമ്പ് പഴയ പാലത്തിന് വേണ്ടി ആരിൽ നിന്ന് ഏറ്റെടുത്തോ അവർക്കുതന്നെ റീ അസൈൻ ചെയ്തു തരണമെന്ന് അഭ്യർത്ഥിച്ചു. |
| 2 | ദിലീപ് ചന്ദ്രൻ, നിഷ,<br>ശ്രീരാഗ് (H)<br>ശിവനഗർ നിയർ<br>പൂവണി ക്ഷേത്രം,<br>കോലാഴി തൃശൂർ,<br>പിൻ : 680010, | 734/1<br>515/3<br>515/4 | പദ്ധതി ബാധിത പ്രദേശത്ത് തെങ്ങ്-7, തൈതെങ്ങ്-1, മാവ് -1, എന്നിവ ഉൾപ്പെടുന്നു. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായി കൂടി ആലോചിച്ചതിനുശേഷം മാത്രമേ സ്ഥലം വിട്ടു നൽകുന്നതിനെ സംബന്ധിച്ച് അറിയിക്കുവാൻ സാധിക്കുകയുള്ളൂ. ചുറ്റുമതിലിന്റെ ഒരു ഭാഗവും കമ്പിവേലി എന്നിവ നഷ്ടമാകും.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>കൊറോണ സംബന്ധമായ പ്രശ്നം മൂലം പബ്ലിക്ക് ഹിയറിംഗിന് എത്താൻ സാധിക്കില്ലെന്നും സ്ഥലത്തിന്റെ ഭൂരിഭാഗം നഷ്ടപ്പെടുന്നതിനാൽ മതിയായ നഷ്ടപരിഹാരം നൽകണമെന്നും കത്ത് മുഖാന്തിരം അറിയിച്ചു. ദിലീപ് ബാംഗ്ലൂരിൽ ആണ് ജോലി ചെയ്യുന്നത്. |
| 3. | നന്ദകുമാർ മുതൽ പേർ<br>സതി, രമണി,<br>നവനിതം(H),<br>ചുടുവാലത്തോട്,<br>ഷൊർണ്ണൂർ -1, 679121 | 514/1 | പദ്ധതി പ്രദേശത്ത് തെങ്ങ്-1, തൈമാവ്-1 എന്നിവ സ്ഥിതി ചെയ്യുന്നു. പുരിയിടത്തിന്റെ മതിലും ഇരുമ്പ് ഗേറ്റ് എന്നിവ ഉൾപ്പെടുന്നു. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായി കൂടി ആലോചിച്ചതിന് ശേഷം മാത്രമേ |

| | | | |
|---|---|---|---|
| | | | സ്ഥലം വിട്ടു നൽകുന്നതിനെക്കുറിച്ച് അറിയിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 4 | സജിത്<br>S/O ഇളയേടത്ത് സതി<br>തൃപ്രയാർ (കിഴക്കേനട) | 514/1 | പദ്ധതി പ്രദേശത്ത് മാവ്, തെങ്ങ് എന്നിവ ഉൾപ്പെടുന്നു.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>ഭൂവുടമ കോഴിക്കോട് ആണ് ജോലി ചെയ്യുന്നത്. ചില സ്ഥലങ്ങൾ ഹോട്ട് സ്പോട്ട് ആകയാൽ പബ്ലിക് ഹിയറിംഗിന് എത്തിച്ചേരാൻ സാധിക്കില്ലെന്ന് കത്ത് മുഖാന്തിരം അറിയിച്ചു. ഭൂവുടമയ്ക്കുവേണ്ടി പബ്ലിക്ക് ഹിയറിംഗിന് വിജയകുമാരൻ (പിതാവ്) എന്ന വ്യക്തിയാണ് ഹാജരായത്. മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 5. | ബേബി എന്ന നന്ദകുമാർ, നവനിതം(H)<br>ചുടുവാലത്തോട്<br>ഷൊർണ്ണൂർ-1,<br>പിൻ-679121 | 515/3<br>515/4<br>514/1 | പദ്ധതി പ്രദേശത്ത് 3 തെങ്ങ് ഉൾപ്പെടുന്നു. പദ്ധതി പ്രദേശം വീടിനോട് ചേർന്നാണ് വരുന്നത്. അതിനാൽ താമസത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടും. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായി ആലോചിച്ചതിനുശേഷം മാത്രമേ സ്ഥലം വിട്ടുനൽകുന്നതിനെക്കുറിച്ച് അറിയിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 6 | കൃഷ്ണൻ നായർ,<br>കടമ്പനാട്(H),<br>തൃപ്രയാർ,<br>വലപ്പാട് പി.ഒ., വലപ്പാട്,<br>പിൻ 680567, | 300/2 A | പദ്ധതി പ്രദേശത്ത് തെങ്ങ്, പ്ലാവ് എന്നിവ സ്ഥിതി ചെയ്യുന്നു. കാവിനോട് ചേർന്നു നിൽക്കുന്ന പ്രദേശമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടുനൽകാമെന്ന് അറിയിച്ചു.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| 7. | രശ്മി,<br>കണക്കന്ത (H),<br>തൃപ്രയാർ പി.ഒ.,<br>വലപ്പാട്, പിൻ: 680567 | 300/3 A | വീടിന്റെ മുൻവശത്തുള്ള സ്ഥലം ഉൾപ്പെടുന്നു. പദ്ധതിയെ സ്വാഗതം ചെയ്യുന്നു. മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടു നൽകാൻ തയ്യാറാണ്.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം |

## 3.9 നടത്തിയിട്ടുള്ള പൊതു വിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

തൃശൂർ ജില്ലയിലെ തൃശൂർ, ചാവക്കാട് താലൂക്കിൽപ്പെട്ട നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലങ്ങൾ തൃപ്രയാർ പാലം & അനുബന്ധ റോഡിനുവേണ്ടി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ ഒരു പൊതുവിസ്താരം 2020 ജൂൺ10-ാം തീയതി 10.30 മണിക്ക് അധികാരികൾ മുമ്പാകെ താന്ന്യം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നടത്തി.

### സന്നിഹിതരായിരുന്നവർ:-

### പങ്കെടുത്ത ഉദ്യോഗസ്ഥർ:

1. ശ്രീ. സുരേഷ് കുമാർ എം.കെ., സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) ജനറൽ, തൃശൂർ
2. ശ്രീ. കെ.എസ് ലാലു, ഡെപ്യൂട്ടി തഹസീൽദാർ (എൽ.എ.) ജനറൽ, തൃശ്ശൂർ
3. ശ്രീ. ഷൈജൻ ടി.കെ., സെക്ഷൻ ക്ലർക്ക് (എൽ.എ.) ജനറൽ
4. ശ്രീ.എം.കെ. സന്തോഷ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, PWD ബ്രിഡ്ജ്
5. ശ്രീ. രാജൻ എം.പി. അസിസ്റ്റന്റ് എൻജിനിയർ, PWD ബ്രിഡ്ജ് വിഭാഗം, ചാവക്കാട്
6. ശ്രീ. വിവേക് ബി. സൈറ്റ് സൂപ്പർവൈസർ, KRFB വിഭാഗം, ചാവക്കാട്
7. ശ്രീ. ജോണി വി.ഡി., വില്ലേജ് ഓഫീസ്, താന്ന്യം വില്ലേജ്
8. ശ്രീ. സൂരജ് കെ.ആർ., വില്ലേജ് ഓഫീസ്, നാട്ടിക വില്ലേജ്
9. ശ്രീമതി പി.വിനു, പ്രസിഡന്റ്, നാട്ടിക പഞ്ചായത്ത്
10. ശ്രീമതി രതി, പ്രസിഡന്റ്, താന്ന്യം പഞ്ചായത്ത്
11. ശ്രീ. ഒ.എസ്. അഷ്റഫ്, മെമ്പർ, താന്ന്യം പഞ്ചായത്ത്
12. ശ്രീ. സി.എ. വിനു, മെമ്പർ, താന്ന്യം പഞ്ചായത്ത്
13. ശ്രീമതി സവിത സജീഷ്, വൈ.എസ്.എസ്.ഒ.
14. ശ്രീമതി മിനി ജിബീഷ്, വൈ.എസ്.എസ്.ഒ.
15. ശ്രീ.യദു കൃഷ്ണൻ, വൈ.എസ്.എസ്.ഒ.

## അധികാരി സമക്ഷം ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങൾ

പൊതു വിസ്താരത്തിൽ പങ്കെടുത്ത ബാധിത കക്ഷികൾ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു.

1. പാലത്തിന്റെ ഉയരം കൂടുന്നതിനനുസരിച്ച് ഇരുവശങ്ങളിലും വീടുകളിലേക്ക് വാഹന സൗകര്യത്തിന് റാമ്പ് സൗകര്യം ഉണ്ടാക്കുക.
2. പഴയ പാലം പൊളിച്ചു നിക്കുന്ന മുറയ്ക്ക് സർക്കാർ പുറമ്പോക്ക് ആകുന്ന സ്ഥലം 50 കൊല്ലം മുമ്പ് പഴയ പാലത്തിന് വേണ്ടി ആരിൽ നിന്ന് ഏറ്റെടുത്തോ അവർക്ക് തന്നെ റീ അസൈൻ ചെയ്ത് തരണം.

## അർത്ഥനാധികാരികളുടെ മറുപടി

### അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ PWD Bridges

തൃപ്രയാർ പാലം & അനുബന്ധ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പാലത്തിന്റെ ഉയരം കൂടുന്നതിനനുസരിച്ച് ഇരുപുറവുമുള്ള വീടുകളിലേക്ക് വാഹനങ്ങൾ പ്രവേശിക്കുന്നതിന് റാമ്പ് സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതാണ്. സർക്കാർ പുറമ്പോക്കാകുന്ന ഭൂമി റീ അസൈൻമെന്റ് ചെയ്ത് കൊടുക്കുന്നതിന്റെ ചുമതല റവന്യൂ വകുപ്പിനാണുള്ളത്.

### സ്പെഷ്യൽ തഹസിൽദാർ (L.A.) ജനറൽ

തൃപ്രയാർ പാലം & അനുബന്ധ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് RFCT LARR Act 2013 പ്രകാരം 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുള്ള സെക്ഷൻ 26 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയുള്ളു.

പഴയ ആക്ട് പ്രകാരം ഏറ്റെടുത്ത ഭൂമി കക്ഷിക്ക് തിരിച്ച് കൊടുക്കാൻ നിയമ പ്രാബല്യമില്ലായെന്ന് ഡെപ്യൂട്ടി തഹസീൽദാർ അറിയിച്ചു.

### താന്ന്യം പഞ്ചായത്ത് പ്രസിഡന്റ്

തൃപ്രയാർ പാലം & അനുബന്ധ റോഡുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കലിൽ ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണം,. തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, ആറാട്ടു പൂരം തുടങ്ങി ഭക്തിസാന്ദ്രമായ അന്തരീക്ഷമാണ് തൃപ്രയാറിനുള്ളത്. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ആളുകൾക്ക് ഇവിടേക്ക് എത്തിച്ചേരുന്നതിന് നിലവിലുള്ള പാലത്തിന്റെ

അവസ്ഥ ശോചനിയമായതിനാൽ എത്രയും വേഗം പദ്ധതിയുടെ നിർമ്മാണം പൂർത്തീകരി ക്കണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

## നാട്ടിക പഞ്ചായത്ത് പ്രസിഡന്റ്

രണ്ട് ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തൃപ്രയാർ പാലം തൃപ്രയാർ ക്ഷേത്രവു മായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമർഹിക്കുന്നു. തൃപ്രയാർ സ്ഥലത്തിന് ഉയർന്ന വിലനില വാരം ഉള്ളതിനാൽ ഭൂവുടമകൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കണമെന്നും അവി ടെയുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ നിർമ്മാണം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്ത എല്ലാവർക്കും താന്ന്യം പഞ്ചായത്ത് മെമ്പർ നന്ദി അറിയിച്ചുകൊണ്ട് യോഗം അവസാനിപ്പിച്ചു.

## പബ്ലിക് ഹിയറിംഗ് ഫോട്ടോസ്



# അദ്ധ്യായം 4

# ഭൂനിർണ്ണയം

## 4.1 ആമുഖം

തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ ഭൂമി നഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും, സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2020 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കുകയും ആഘാത ബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത സ്വകാര്യ സ്വത്തിന്റെ പ്രത്യാഘാതങ്ങൾ ജനങ്ങളുടെ വരുമാനവും ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട തൃപ്രയാർപാലം & അനുബന്ധ റോഡ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം സർവ്വേയുടെ സഹായത്താൽ താഴെ ചേർക്കുന്നു.

### വസ്തു വിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)



## 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 4.1 ൽ ഉള്ളത്.

| ക്രമ നമ്പർ | വ്യക്തിയുടെ മേൽവിലാസം | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|
| 1. | രഘുനന്ദൻ ഇ., സ്മൃതി,(H) കിഴുവീട്ടിൽ, അക്കിക്കാവ് പി.ഒ, കുന്നംകുളം, പിൻ 680519, | 734/2 | പദ്ധതി ബാധിത പ്രദേശത്ത് വാഴ ഉൾപ്പെടുന്നു. പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ : കായ്ക്കുന്ന മാവ്, തെങ്ങ് ഉൾപ്പെടുന്നു. പാലത്തിന്റെ ഉയരം കൂടുന്ന മുറയ്ക്ക് ഇരുപുറവുമുള്ള വീടുകളിലേക്ക് വാഹന സൗകര്യത്തിന് റാമ്പ് സൗകര്യം ഉണ്ടാക്കുക. കൂടാതെ പഴയ പാലം പൊളിച്ചുനിക്കുന്ന മുറയ്ക്ക് സർക്കാർ പുറമ്പോക്ക് ആകുന്ന സ്ഥലം 50 കൊല്ലം മുമ്പ് പഴയ പാലത്തിന് വേണ്ടി ആരിൽ നിന്ന് ഏറ്റെടുത്തോ അവർക്കുതന്നെ റീ അസൈൻ ചെയ്തു തരണമെന്ന് അഭ്യർത്ഥിച്ചു. |
| 2 | ദിലീപ് ചന്ദ്രൻ, നിഷ, ശ്രീരാഗ് (H) ശിവനഗർ നിയർ പൂവണി ക്ഷേത്രം, കോലാഴി തൃശൂർ, പിൻ : 680010, | 734/1<br>515/3<br>515/4 | പദ്ധതി ബാധിത പ്രദേശത്ത് തെങ്ങ്-7, തൈതെങ്ങ്-1, മാവ് -1, എന്നിവ ഉൾപ്പെടുന്നു. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായി കൂടി ആലോചിച്ചതിനുശേഷം മാത്രമേ സ്ഥലം വിട്ടു നൽകുന്നതിനെ സംബന്ധിച്ച് അറിയിക്കുവാൻ സാധിക്കുകയുള്ളൂ. ചുറ്റുമതിലിന്റെ ഒരു ഭാഗവും കമ്പിവേലി എന്നിവ നഷ്ടമാകും. പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ : കൊറോണ സംബന്ധമായ പ്രശ്നം മൂലം പബ്ലിക്ക് ഹിയറിംഗിന് എത്താൻ സാധിക്കില്ലെന്നും സ്ഥലത്തിന്റെ ഭൂരിഭാഗം നഷ്ടപ്പെടുന്നതിനാൽ മതിയായ നഷ്ടപരിഹാരം നൽകണമെന്നും കത്ത് മുഖാന്തിരം അറിയിച്ചു. ദിലീപ് ബാംഗ്ലൂരിൽ ആണ് ജോലി ചെയ്യുന്നത്. |
| 3. | നന്ദകുമാർ മുതൽ പേർ സതി, രമണി, നവനിതം(H), ചുടുവാലത്തോട്, ഷൊർണ്ണൂർ -1, 679121 | 514/1 | പദ്ധതി പ്രദേശത്ത് തെങ്ങ്-1, തൈമാവ്-1 എന്നിവ സ്ഥിതി ചെയ്യുന്നു. പുരിയിടത്തിന്റെ മതിലും ഇരുമ്പ് ഗേറ്റ് എന്നിവ ഉൾപ്പെടുന്നു. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായി കൂടി ആലോചിച്ചതിന് ശേഷം മാത്രമേ സ്ഥലം വിട്ടു നൽകുന്നതിനെക്കുറിച്ച് അറിയി |

| | | | |
|---|---|---|---|
| | | | ക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 4 | സജിത്<br>S/O ഇളയേടത്ത് സതി<br>തൃപ്രയാർ (കിഴക്കേനട) | 514/1 | പദ്ധതി പ്രദേശത്ത് മാവ്, തെങ്ങ് എന്നിവ ഉൾപ്പെടുന്നു.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>ഭൂവുടമ കോഴിക്കോട് ആണ് ജോലി ചെയ്യുന്നത്. ചില സ്ഥലങ്ങൾ ഹോട്ട് സ്പോട്ട് ആകയാൽ പബ്ലിക്ക് ഹിയറിംഗിന് എത്തിച്ചേരാൻ സാധിക്കില്ലെന്ന് കത്ത് മുഖാന്തിരം അറിയിച്ചു. ഭൂവുടമയ്ക്കുവേണ്ടി പബ്ലിക്ക് ഹിയറിംഗിന് വിജയകുമാരൻ (പിതാവ്) എന്ന വ്യക്തിയാണ് ഹാജരായത്. മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 5. | ബേബി എന്ന നന്ദകുമാർ,<br>നവനിതം(H)<br>ചുടുവാലത്തോട്<br>ഷൊർണ്ണൂർ-1,<br>പിൻ-679121 | 515/3<br>515/4<br>514/1 | പദ്ധതി പ്രദേശത്ത് 3 തെങ്ങ് ഉൾപ്പെടുന്നു. പദ്ധതി പ്രദേശം വീടിനോട് ചേർന്നാണ് വരുന്നത്. അതിനാൽ താമസത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടും. കുടുംബവസ്തു ആയതിനാൽ മറ്റ് അംഗങ്ങളുമായിആലോചിച്ചതിനുശേഷം മാത്രമേ സ്ഥലം വിട്ടുനൽകുന്നതിനെക്കുറിച്ച് അറിയിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം നൽകിയാൽ മാത്രം സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 6 | കൃഷ്ണൻ നായർ,<br>കടമ്പനാട്(H),<br>തൃപ്രയാർ,<br>വലപ്പാട് പി.ഒ., വലപ്പാട്,<br>പിൻ 680567, | 300/2 A | പദ്ധതി പ്രദേശത്ത് തെങ്ങ്, പ്ലാവ് എന്നിവ സ്ഥിതി ചെയ്യുന്നു. കാവിനോട് ചേർന്നു നിൽക്കുന്ന പ്രദേശമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടുനൽകാമെന്ന് അറിയിച്ചു.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം |
| 7. | രശ്മി, | 300/3 | വീടിന്റെ മുൻവശത്തുള്ള സ്ഥലം ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | കണക്കന്ത്ര (H),<br>തൃപ്രയാർ പി.ഒ.,<br>വലപ്പാട്, പിൻ: 680567 | A | പദ്ധതിയെ സ്വാഗതം ചെയ്യുന്നു. മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടു നൽകാൻ തയ്യാറാണ്.<br>പബ്ലിക് ഹിയറിംഗിന് ഉന്നയിച്ച പ്രശ്നങ്ങൾ :<br>മതിയായ നഷ്ടപരിഹാരം |

## 4.3 പദ്ധതിക്കാവശ്യമായ ഭൂമി

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിക്കായി 0.0832 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശത്ത് സ്വകാര്യ വ്യക്തികളുടെതുറസ്സായ ഭൂമിയും, പൊതു ഭൂമിയും ഉൾപ്പെടുന്നു.

## 4.4 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിക്കായി 0.0832 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

| ക്രമ നമ്പർ | കൈവശക്കാരുടെ പേരും മേൽവിലാസവും | സർവ്വെ നമ്പർ | ഏകദേശ വിസ്തീർണ്ണം |
|---|---|---|---|
| 1 | രശ്മി W/o ഷാജു, കണക്കന്ത്ര വീട്, തൃപ്രയാർ | 300/3A | 0.0010 |
| 2 | കൃഷ്ണൻ നായർ,<br>കടമ്പനാട്ട് വീട്, തൃപ്രയാർ (പടിഞ്ഞാറെ നട) | വാർഡ്-8<br>300/2A | 0.0300 |
| 3 | രഘുനന്ദൻ ഇ., S/o ലക്ഷ്മികുട്ടിയമ്മ<br>എളേടത്ത് വീട്, തൃപ്രയാർ, (കിഴക്കേനട)<br>സ്മൃതി അക്കിക്കാവ് പി.ഒ, കുന്ദംകുളം<br>ബാലഗോപാലൻ | വാർഡ് - 17<br>734/2 (താന്ന്യം വില്ലേജ്) | 0.0071 |
| 4<br>a | ഈച്ചരത്ത് ശ്രീധരമേനോൻ മകൻ ബേബി എന്ന നന്ദകുമാർ, സതി, രമണി കൂടി ഇപ്പോഴത്തെ വിലാസം ഇ.നന്ദകുമാർ<br>അനനിതം, ചുടുവാലത്തൂർ, ഷൊർണ്ണൂർ | 514/1<br>(താന്ന്യം വില്ലേജ്) | 0.0170 |
| b | സജിത് S/o ഇളയേടത്ത്, സതി,<br>തൃപ്രയാർ (കിഴക്കേനട) | | |

| | | | |
|---|---|---|---|
| c | ബേബി എന്ന നന്ദകുമാർ<br>S/o ശ്രീധരമേനോൻ, ഈച്ചരത്ത് വീട്<br>തൃപ്രയാർ<br>സ്ഥിരവിലാസം<br>ഇ.നന്ദകുമാർ, നവനിതം, ചുടുവാലത്തൂർ<br>ഷൊർണ്ണൂർ | | |
| 5<br>a | ദിലീപ് ചന്ദ്രൻ & നിഷ ചന്ദ്രൻ<br>ഇളയേടത്ത് വീട്<br>തൃപ്രയാർ. | 515/3<br>(താന്ന്യം<br>വില്ലേജ്) | 0.0115 |
| b | ബേബി എന്ന നന്ദകുമാർ<br>S/o ശ്രീധരമേനോൻ, ഈച്ചരത്ത് വീട്<br>തൃപ്രയാർ | | |
| 6 | ദിലീപ് ചന്ദ്രൻ & നിഷ ചന്ദ്രൻ<br>ഇളയേടത്ത് വീട്, തൃപ്രയാർ | 515/4<br>(താന്ന്യം<br>വില്ലേജ്) | 0.0140 |
| | ബേബി എന്ന നന്ദകുമാർ<br>S/o ശ്രീധരമേനോൻ, ഈച്ചരത്ത് വീട്<br>തൃപ്രയാർ | | |
